## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 439 — 19-10-2011 ൽ മറുപടിയ്ക്ക്

# ഭക്ഷ്യവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ഭക്ഷ്യവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സമഗ്ര നെൽകൃഷി വികസന പദ്ധതി, പച്ചക്കറി കൃഷി വികസന പദ്ധതി, ഭക്ഷ്യസുരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു; |
| (ബി) ഭക്ഷ്യവിളകളുടെ ഉല്പാദന കാര്യത്തിൽ ഉള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നുകൂടി വ്യക്തമാക്കുമോ? | (ബി) ഭക്ഷ്യവിളകളുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ഭക്ഷ്യവിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് തരിശു നിലങ്ങളിൽ കൂടി നെൽകൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക ധനസഹായം നൽകി തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യിപ്പിച്ചു.<br>2. കര നെൽകൃഷിക്ക് പ്രത്യേക പ്രോത്സാഹനവും ധനസഹായവും നൽകി നെൽകൃഷി കൂട്ടുന്നതിന് പദ്ധതിയിട്ടു.<br>3. സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി നെൽകൃഷി യുടെ ഉല്പാദനം കൂട്ടുന്നതിന് ധനസഹായവും പ്രോത്സാഹനവും നൽകി..<br>4. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിലൂടെ പച്ചക്കറിക്കൃഷിക്ക് വേണ്ട ധനസഹായം ലഭ്യമാക്കി. |

പദ്ധതി നടപ്പിലാക്കി.

6. യന്ത്രവല്ക്കരണം സാദ്ധ്യമായ മേഖലയിൽ നടപ്പിലാക്കി തൊഴിലാളികളുടെ ക്ഷാമം മൂലമുള്ള കുറവ് നികത്തി.
7. നെല്ലിന് താങ്ങുവിലയും സംഭരണവും നടത്തി കൃഷിക്കാർക്ക് ആശ്വാസം പകർന്നു.
8. സമഗ്രവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

തരിശായി കിടക്കുന്ന കൃഷി സ്ഥലം ഭൂഉടമകളുടെ അനുമതിയോടെ കൃഷി ചെയ്യാൻ സന്നദ്ധതയുള്ള സംഘടനകൾക്കും വ്യക്തികൾക്കും കൃഷി നടപ്പിലാക്കുന്നതിന് ധനസഹായം നൽകി തരിശു ഭൂമി കൃഷി വ്യാപിപ്പിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി 2011-2012 വർഷത്തിലെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ